**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** **12-02-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ എത്ര പട്ടയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വില്ലജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ 7778 പട്ടയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളത്. ആയതിന്റെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ രേഖപ്പെടുത്തുന്നു. |

| ക്രമ നമ്പർ | താലൂക്ക് | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 1 | മീനച്ചിൽ | പൂഞ്ഞാർ നടുഭാഗം | 17 |
| 2 | മീനച്ചിൽ | പൂഞ്ഞാർ തെക്കേക്കര | 12 |
| 3 | മീനച്ചിൽ | ഈരാറ്റുപേട്ട | 11 |
| 4 | മീനച്ചിൽ | കൊണ്ടൂർ | 4 |
| 5 | മീനച്ചിൽ | തീക്കോയി | 24 |
| 6 | കാഞ്ഞിരപ്പള്ളി | എരുമേലി വടക്ക് | 4129 |
| 7 | കാഞ്ഞിരപ്പള്ളി | എരുമേലി തെക്ക് | 2217 |
| 8 | കാഞ്ഞിരപ്പള്ളി | കോരുത്തോട് | 1364 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | 1. പൂഞ്ഞാർ നടുംഭാഗം വില്ലേജിലെ 9 മിച്ചഭൂമി പട്ടയ അപേക്ഷകളിൽ വിശദമായ സ്ഥല പരിശോധന നടന്നു വരുന്നു. 5 ലാന്റ് ട്രിബ്യൂണൽ പട്ടയം അപേക്ഷകളിൽ ജന്മി -കുടിയാന്മാരുടെ വിചാരണ നടന്നുവരുന്നു. കൂടാതെ 3 എൽ എ പട്ടയം അപേക്ഷകൾ റിപ്പോർട്ടിനായി വില്ലേജ് ഓഫീസിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്.<br><br>2. പൂഞ്ഞാർ തെക്കേക്കര വില്ലേജിലെ 12 എൽ എ പട്ടയ അപേക്ഷകളിലും സ്കെച്ചും മഹസ്സറും തയ്യാറാക്കിയിട്ടുള്ളതാണ്.<br><br>3. ഈരാറ്റുപേട്ട വില്ലേജിലെ 11 നഗർ പട്ടയ അപേക്ഷകളിൽ ഹിയറിംഗ് നടന്നു വരുന്നു.<br><br>4. കൊണ്ടൂർ വില്ലേജിലെ 4 എൽ എ പട്ടയ അപേക്ഷകളിൽ റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി വില്ലേജ് ഓഫീസിലേയ്ക്ക് കൈമാറി.<br><br>5. തീക്കോയ് വില്ലേജിലെ 24 ലാൻഡ് ട്രിബ്യൂണൽ പട്ടയ അപേക്ഷകളിൽ ജന്മി - കുടിയാന്മാരുടെ വിചാരണ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | 6. എരുമേലി വടക്ക് വില്ലേജിലെ 4129 അപേക്ഷകളിൽ സർവ്വെ നടപടികളും, മഹസ്സർ തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു.<br><br>7. എരുമേലി തെക്ക് വില്ലേജിലെ 2217 അപേക്ഷകളിൽ 35 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി. 19 അപേക്ഷകളിൽ അസൈൻമെന്റ് ഓർഡർ നൽകി. 11 എണ്ണത്തിൽ അസൈൻമെന്റ് ഓർഡർ തയ്യാറാക്കി വരുന്നു. 33 അപേക്ഷകളിൽ 12(1) നോട്ടീസ് പ്രസിദ്ധീകരിച്ചു. 115 അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി മഹസ്സർ തയ്യാറാക്കി വരുന്നു. അവശേഷിയ്ക്കുന്ന അപേക്ഷകളിന്മേൽ സർവ്വെ നടപടി പുരോഗമിയ്ക്കുന്നു.<br><br>8. കോരുത്തോട് വില്ലേജിലെ 1364 അപേക്ഷകളിൽ സർവ്വെ നടപടികൾ, മഹസ്സർ തയ്യാറാക്കൽ എന്നിവ ആരംഭിച്ചിട്ടുള്ളതാണ്. |
| (സി) | പട്ടയ വിതരണം കൂടുതൽ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക് വില്ലേജിലെ പമ്പാവാലി ഏഞ്ചൽവാലി പട്ടയനടപടികൾ ത്വരിതഗതിയിലാക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുള്ളതും നാളിതുവരെ 1520 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. അവശേഷിയ്ക്കുന്ന അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു.<br><br>കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയ ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിയ്ക്കുന്നതിനായി 17 തസ്തികകളോടുകൂടി മുണ്ടക്കയം ഭൂമി പതിവ് ഓഫീസ് രൂപീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തി വരുന്നു. സമയ ബന്ധിതമായി ടാർഗറ്റ് നല്കി ആയതിലുള്ള പുരോഗതി വിലയിരുത്തി പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നുണ്ട്. കൂടാതെ പട്ടയം ഡാഷ്ബോർഡ് മുഖേന പട്ടയ വിതരണത്തിനുള്ള നടപടികൾ മോണിറ്റർ ചെയ്തുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ